ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 04.09.2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ **EOS**-05 വിക്ഷേപണം വിജയകരം, അഭിനന്ദനങ്ങൾ അറിയിച്ച് രാഷ്ട്രപതി, പ്രധാനമന്ത്രിയടക്കമുള്ള പ്രമുഖർ

**India's latest Earth observation satellite EOS-05 launched successfully, President, Prime Minister and other dignitaries congratulated**

2. ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ചണ്ഡീഗഢിലെ പഞ്ചാബ് സർവകലാശാലയിലെ പരിപാടിയിൽ പങ്കെടുക്കുന്നു. യൂണിവേഴ്സിറ്റി ടെക് ഇന്നൊവേഷൻ ഫോറം ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

**Vice President C. P. Radhakrishnan is attending a program at Panjab University in Chandigarh. The Vice President will inaugurate the University Tech Innovation Forum.**

3. ഇന്ന് ശ്രീകൃഷ്ണ ജന്മാഷ്ടമി. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയ പ്രമുഖർ ആശംസകൾ നേർന്നു. രാജ്യത്തെ പ്രമുഖ ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ ഭക്തജനത്തിരക്ക്.

Today is Sri Krishna Janmashtami. Dignitaries including the President, Vice President, Prime Minister and others extended their greetings. Devotees thronged major Sri Krishna temples in the country.

4. രാജ്യത്തെ തുറമുഖങ്ങൾ, ഹരിത ഇന്ധനങ്ങൾക്കായി സജ്ജമാകേണ്ടതുണ്ടെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ.

Union Minister Sarbananda Sonowal says that the country's ports need to be ready for fuels of tomorrow

5. ബ്രിക്സ് രാജ്യങ്ങളിലെ ചീഫ് ജസ്റ്റിസുമാരുടെ ഫോറത്തിന് ന്യൂഡൽഹിയിൽ തുടക്കമായി, ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നും നിരവധി പ്രതിനിധികൾ പങ്കെടുക്കുന്നു.

BRICS Chief Justices' Forum begins in New Delhi, many representatives from BRICS member countries are participating.

6. കേരള ക്രിക്കറ്റ് ലീഗ് മൂന്നാം സീസണിന്റെ സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് തിരുവനന്തപുരത്ത്.

The semi-finals of the third season of the Kerala Cricket League will be held in Thiruvananthapuram today.

$$$$$$$$$$$$$$$$$$$$$$$$

**HEADLINE-1**

**MORN. ISRO -SATELLITE (INTRO)**

*ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-05 വിക്ഷേപണം വിജയകരം. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് ഇന്ന് പുലർച്ചെ 2.55ന് **GSLV– F**17 റോക്കറ്റ് ഉപയോഗിച്ചായിരുന്നു വിക്ഷേപണം . ഒരു റിപ്പോർട്ട്.........*

**MORN. ISRO -SATELLITE (VO)**

*അത്യാധുനിക സാങ്കേതികവിദ്യയോടെയുള്ള ഈ ഉപഗ്രഹം ഭൂസ്ഥിര ഭ്രമണപഥത്തിൽ ഇന്ത്യ സ്ഥാപിക്കുന്ന ആദ്യ ഇമേജിങ് ഉപഗ്രഹമാണ്. ഭൗമനിരീക്ഷണം ശക്തമാക്കുന്നതിനും തത്സമയ ചിത്രങ്ങൾ നൽകുന്നതിനുമായി രൂപകൽപ്പന ചെയ്തിട്ടുള്ള ഈ ഉപഗ്രഹം കൃഷി, പ്രകൃതിവിഭവ നിരീക്ഷണം, എന്നിവയ്ക്ക് ഏറെ സഹായകരമാകും. ദുരന്തസമയത്ത് സമയബന്ധിതമായ വിവരങ്ങൾ നൽകാനും അടിയന്തര സാഹചര്യങ്ങൾ ആസൂത്രണം ചെയ്യാനും ഉപഗ്രഹം ഫലപ്രദമാകും .ഈ ദൗത്യം ഇന്ത്യയുടെ ഭൗമ നിരീക്ഷണ ശേഷി കൂടുതൽ ശക്തിപ്പെടുത്തുമെന്നും ഭൗമ നിരീക്ഷണ സേവനങ്ങൾ മെച്ചപ്പെടുത്തുമെന്നും ഐഎസ്ആർഒ ചെയർമാൻ വി. നാരായണൻ പറഞ്ഞു. തദ്ദേശീയ സാങ്കേതികവിദ്യയിലുള്ള ഇന്ത്യയുടെ വളർച്ചയാണ് ഈ ദൗത്യം പ്രകടമാക്കുന്നത്*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

$$$$$$$$$$$$$$$$$$$$$$$$$

**PM EOS-5 ISRO**

ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-05 ന്റെ വിജയകരമായ വിക്ഷേപണത്തിൽ, അഭിനന്ദനങ്ങൾ അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ ചരിത്ര വിജയം, ഇന്ത്യയുടെ ബഹിരാകാശ മേഖലയുടെ മികവിന്റെയും നവീകരണത്തിൻറെയും വർദ്ധിച്ചുവരുന്ന ശേഷിയുടെയും പ്രതിഫലനമാണെന്ന് അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ

പറഞ്ഞു . വിക്ഷേപണ വിജയത്തിൽ രാജ്യരക്ഷാമന്ത്രിയും കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രിയും അഭിനന്ദനങ്ങൾ അറിയിച്ചു. EOS-05, ഇന്ത്യയുടെ ഭൗമ നിരീക്ഷണ ശേഷികളെ ശക്തിപ്പെടുത്തുകയും, രാജ്യത്തിന്റെ ബഹിരാകാശ പദ്ധതികളുടെ വളർച്ചയെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നുവെന്ന്, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്, സാമൂഹ്യമാധ്യമകുറിപ്പിൽ പറഞ്ഞു. ഈ നേട്ടം, ആഗോള ബഹിരാകാശ ശക്തിയെന്ന നിലയിൽ, ഇന്ത്യയുടെ സ്ഥാനം കൂടുതൽ ഉറപ്പിക്കുന്നുവെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിംഗ് അഭിപ്രായപ്പെട്ടു

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

### VP-VISIT

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ചണ്ഡീഗഢിലെ പഞ്ചാബ് സർവകലാശാലയിലെ പരിപാടിയിൽ പങ്കെടുക്കുന്നു. സർവകലാശാലയുടെ ഗവേഷണം, നവീകരണം, സ്റ്റാർട്ടപ്പ് സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിലെ നിർണ്ണായക ചുവടുവയ്പ്പായ പഞ്ചാബ് യൂണിവേഴ്സിറ്റി ടെക് ഇന്നൊവേഷൻ ഫോറവും ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

### MEA - NEPAL ASSISTANCE

പ്രളയക്കെടുതി നേരിടുന്ന നേപ്പാളിൽ ദുരിതാശ്വാസ-രക്ഷാപ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി ഇന്ത്യ രണ്ട് വിമാനങ്ങളിൽ കൂടി സഹായസാമഗ്രികൾ അയച്ചു. 21.5 ടൺ മാനുഷിക സഹായ സാമഗ്രികളുമായി എത്തിയ രണ്ട് വിമാനങ്ങൾ കാഠ്മണ്ഡുവിൽ ഇറങ്ങിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

### Parliament on FCRA Bill

2026 ലെ വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ പരിശോധിക്കുന്നതിനായി 31 അംഗ സംയുക്ത പാർലമെൻററി സമിതിക്ക് രൂപം നൽകി കേന്ദ്ര സർക്കാർ. എഫ്സിആർഎ ഭേദഗതി ബിൽ പരിശോധിക്കുന്നതിനുള്ള സംയുക്ത പാനലിന് ലോക്സഭാ എം പി സഞ്ജയ് ജയ്സ്വാൾ നേതൃത്വം നൽകും. ലോക്സഭയിൽ നിന്ന് ഭർതൃഹരി മഹ്താബ്, തേജസ്വി സൂര്യ, നിഷികാന്ത് ദുബെ, എ. രാജ, സുപ്രിയ സുലെ എന്നിവരും ഉൾപ്പെടുന്നു. രാജ്യസഭയിൽ നിന്ന് ഹർഷ് വർധൻ ശൃംഗ്ല, സഞ്ജയ് കുമാർ ഝാ, പ്രഫുൽ പട്ടേൽ, മേനക ഗുരുസ്വാമി എന്നിവരെ സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**BRICS– CHIEF JUSTICE FORUM**

ബ്രിക്സ് രാജ്യങ്ങളിലെ ചീഫ് ജസ്റ്റിസുമാരുടെ ഫോറത്തിന് ന്യൂഡൽഹിയിൽ തുടക്കമായി. സുപ്രീം കോടതിയുടെ ആതിഥേയത്വത്തിൽ നടക്കുന്ന ഉച്ചകോടിയിൽ ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നും പങ്കാളിത്ത രാജ്യങ്ങളിൽ നിന്നുമുള്ള ചീഫ് ജസ്റ്റിസുമാരും പ്രതിനിധികളും പങ്കെടുക്കുന്നു. നീതി ന്യായ വിതരണം, അന്താരാഷ്ട്ര തർക്ക പരിഹാരം, സാങ്കേതികവിദ്യ, സുസ്ഥിര വികസനം എന്നീ വിഷയങ്ങളിൽ അനുഭവങ്ങൾ പങ്കുവെക്കാനും ചർച്ചകൾ നടത്താനും ഈ ഫോറം വേദിയാകും.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

**SARBANANDA SONOWAL**

ഹരിത ഷിപ്പിംഗ് എന്നത് ഒരു തിരഞ്ഞെടുപ്പല്ല, മറിച്ച് അനിവാര്യതയാണെന്ന് കേന്ദ്ര തുറമുഖ, കപ്പൽഗതാഗത, ജലപാത മന്ത്രി സർബാനന്ദ സോനോവാൾ. ഗുരുഗ്രാമിലെ ദ എനർജി ആൻഡ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാമ്പസ് സന്ദർശിച്ച് ഹരിത ഷിപ്പിംഗ് സംരംഭങ്ങൾ വിലയിരുത്തുകയായിരുന്നു അദ്ദേഹം. അദ്ദേഹം വ്യക്തമാക്കി. സർക്കാർ, തുറമുഖങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ, രാജ്യത്തെ ഹരിത ഷിപ്പിംഗിൽ, ആഗോള തലത്തിൽ

മുൻനിരയിലെത്തിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു

$$$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

**JANMASHTAMI**

ഇന്ന് ശ്രീകൃഷ്ണ ജന്മാഷ്ടമി. രാജ്യമാകെ ശ്രീകൃഷ്ണജയന്തിയുടെ ആഘോഷങ്ങളിലാണ്. വിവിധസംസ്ഥാനങ്ങളിലെ ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ ഭക്തജനങ്ങളുടെ അഭൂതപൂർവമായ തിരക്കാണ് അനുഭവപ്പെടുന്നത്. ഉത്തർപ്രദേശിലെ മഥുരയിലും വൃന്ദാവനത്തിലും തിരക്ക് കണക്കിലെടുത്ത് വ്യാപകമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3A

**PREZ VP PM JANMASHTMI**

ജന്മാഷ്ടമി ദിനത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി , കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉൾപ്പെടയുള്ള പ്രമുഖർ ആശംസകൾ നേർന്നു. ഭഗവാൻ കൃഷ്ണന്റെ ജീവിതവും ഉപദേശങ്ങളും ഭാരതത്തിന്റെ സാംസ്കാരിക ദർശനങ്ങൾക്ക് പുതുജീവൻ നൽകുന്നതാണെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു. ശ്രീകൃഷ്ണ ഭഗവാന്റെ സന്ദേശങ്ങൾ നിസ്വാർത്ഥ പ്രവർത്തനത്തിനായി എല്ലാവരെയും പ്രചോദിപ്പിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു .

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3B

## JANMASHTAMI – KERALA (INTRO)

*അഷ്ടമിരോഹിണി മഹോത്സവത്തോടനുബന്ധിച്ച് കേരളത്തിലെ ശ്രീകൃഷ്ണസ്വാമി ക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ പുലർച്ചെ മുതൽ നിരവധി ഭക്തരാണ് ദർശനത്തിനെത്തുന്നത്. ശ്രീ കൃഷ്ണ ജയന്തിയോടനുബന്ധിച്ച് ക്ഷേത്രത്തിൽ ഇന്ന് പ്രത്യേക പൂജകൾ നടന്നു.ദർശനത്തിനായി ഭക്തർക്ക് പ്രത്യേക സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.*

*വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.......*

*(വോയിസ്)*

*ശോഭായാത്രയോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഇന്ന് ഉച്ചയ്ക്ക് രണ്ട് മണി മുതൽ വൈകിട്ട് ഏഴ് വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.*

*ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ പ്രസിദ്ധമായ അഷ്ടമി രോഹിണി വള്ള സദ്യ ഇന്ന് നടക്കും. ജന്മാഷ്ടമിയോടനുബന്ധിച്ച് വിവിധ സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ വിവിധയിടങ്ങളിൽ ശോഭായാത്രകളും സംഘടിപ്പിച്ചിട്ടുണ്ട്.*

*ജന്മാഷ്ടമി ദിനത്തിൽ കണ്ണൂർ ജില്ലയിലെ ശ്രീകൃഷ്ണ ക്ഷേത്ര ങ്ങളിൽ രാവിലെ മുതൽ വലിയ ഭക്തജന തിരക്ക് അനുഭവപ്പെട്ടു.*

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ..*

*(വോയിസ്)*

$$$$$$$$$$$$$$$$$$$$$$$$

## JANMASHTAMI–GURUVAYUR

ശ്രീകൃഷ്ണ ജയന്തി ദിനത്തിൽ ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ അഭൂതപൂർവ്വമായ ഭക്തജനത്തിരക്ക്. അഷ്ടമിരോഹിണി ഉത്സവത്തോട് അനുബന്ധിച്ച് കണ്ണനെ തൊഴുതു വണങ്ങാൻ പതിനായിരക്കണക്കിന്

തീർത്ഥാടകരാണ് പുലർച്ചെ മുതൽ ഗുരുവായൂർ സന്നിധിയിലേക്ക് ഒഴുകിയെത്തുന്നത്.

$$$$$$$$$$$$$$$$$$$$$$$$

**PICKLEBALL CUP 2026**

വിയറ്റ്നാമിലെ ദാ നാങ്ങിൽ നടക്കുന്ന പിക്കിൾ ബോൾ ലോകകപ്പിലെ, ടീം ഇനത്തിന്റെ ആദ്യദിനം പൂർണ്ണ ആധിപത്യം പുലർത്തി ഇന്ത്യ. കരുത്തരായ ആന്റിഗ്വ ആൻഡ് ബാർബുഡ, ഇസ്രായേൽ, ചെക്ക് റിപ്പബ്ലിക് എന്നീ രാജ്യങ്ങളെയാണ് ലീഗ് ഘട്ടത്തിൽ ഇന്ത്യ പരാജയപ്പെടുത്തിയത്. ഈ മാസം 6 വരെ നടക്കുന്ന ടൂർണമെന്റിൽ ഇന്ത്യൻ താരങ്ങൾ ഇതുവരെ 37 മെഡലുകൾ നേടിയിട്ടുണ്ട്. മെഡൽ പട്ടികയിൽ നാലാം സ്ഥാനത്താണ് ഇന്ത്യ.

$$$$$$$$$$$$$$$$$$$$$$$$

**Nepal**

നേപ്പാൾ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 1,282 ആയി ഉയർന്നു. അയ്യായിരത്തിലധികം ആളുകളെ ഇനിയും കണ്ടെത്താനുണ്ട്. ഏറ്റവും കൂടുതൽ മൃതദേഹങ്ങൾ കണ്ടെടുത്തത് ചിത്വാൻ പ്രദേശത്തു നിന്നാണ്. 355 മൃതദേഹങ്ങൾ ഇവിടെ നിന്ന് കണ്ടെത്തിയിരുന്നു. ഈ മഹാദുരന്തത്തിന് പിന്നിലെ കാലാവസ്ഥാ വ്യതിയാനത്തിന്റെ സ്വാധീനം അന്താരാഷ്ട്ര സമൂഹത്തിന് മുന്നിൽ ശക്തമായി ഉന്നയിക്കേണ്ടതുണ്ടെന്ന് നേപ്പാൾ പ്രധാനമന്ത്രി ബാലേന്ദ്ര ഷാ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

**CRICKET LEAGUE**

കേരള ക്രിക്കറ്റ് ലീഗ് മൂന്നാം സീസണിന്റെ സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് തിരുവനന്തപുരത്ത് നടക്കും.ആദ്യ സെമി ഉച്ചയ്ക്ക് 2.30 രണ്ടാം സെമി രാത്രി 7 മണിക്കും നടക്കും.കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ.ആദ്യ സെമിയിൽ ട്രിവാൻഡ്രം റോയൽസ് - തൃശൂർ

ടൈറ്റൻസിനെ നേരിടും. രണ്ടാം സെമിയിൽ ആലപ്പി റിപ്പിൾസ് - കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെയാണ് നേരിടുന്നത്.

$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$

$$$$$$$$

$$$$$